മലയാള മനോരമ
ESTABLISHED 1888

**2021 March 21 Sunday**

# അശരണർക്ക് അന്നവും നിർധനർക്ക് വസ്ത്രവുമാകാൻ 'ക്ലോത്ത് ബാങ്ക്'

കോട്ടയം ● നമ്മുടെ കൈവശമുള്ള പാകമല്ലാത്തതും ഇഷ്ടക്കുറവുള്ളതും ഒരു വസ്ത്രം അശരണർക്ക് അന്നവും നിർധനർക്ക് വസ്ത്രവുമാകുന്ന പദ്ധതിയായ 'ക്ലോത്ത് ബാങ്ക്' കോട്ടയത്തും ആരംഭിച്ചു. സന്നദ്ധ പ്രവർത്തകനായ ഫാ. ഡേവിസ് ചിറമ്മൽ നേതൃത്വം നൽകുന്ന പദ്ധതി ചാലുകുന്ന് ഉപ്പൂട്ടിൽ കവലയിലെ ജൂവൽ ഓട്ടിസം സെന്ററിലാണ് തുടങ്ങിയത്. കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ പദ്ധതിയുടെ ആസ്ഥാനവും ഇവിടെയാണ്.

ആദ്യ ദിനം തന്നെ 10 കെട്ട് തുണിത്തരങ്ങളാണ് ലഭിച്ചത്. പാലാ സെന്റ് തോമസ് കോളജിലെ വിദ്യാർഥികളാണ് തുണികൾ എത്തിച്ചത്. ഇവ നിർധനരായ ആളുകൾക്ക് വളരെ കുറഞ്ഞ വിലയ്ക്കും വിൽക്കും. ഇതിലെ വരുമാനം 'ഹംഗർ ഹണ്ട്' എന്ന പദ്ധതിയിലേക്ക് കൈമാറും. ഫോൺ : 7558879407.